പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 378. 16.03.2017 -ലെ മറുപടിക്ക്.

## ആർ.എസ്.ബി. വൈ.പദ്ധതി

ചോദ്യം

**ശ്രീ.സി.കെ. ഹരീന്ദ്രൻ**
**ശ്രീ. ബി.ഡി. ദേവസ്സി**
**ശ്രീ. ബി. സത്യൻ**
**ശ്രീ.ഒ.ആർ.കേളു :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ആർ.എസ്.ബി. വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കാർഡ് പുതുക്കി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. ആർ.എസ്.ബി. വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കാർഡ് പുതുക്കി നൽകുന്നതിനായി പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പുതുക്കൽ കേന്ദ്രങ്ങൾ 2017 മാർച്ച് മാസം മൂന്നാംവാരത്തോടെ പ്രവർത്തനക്ഷമമാകുന്നതും തുടർന്നുള്ള നാല് മാസങ്ങളിൽ ടി പഞ്ചായത്തുകളിൽ തുടരുന്നതുമാണ്. കാർഡ് പുതുക്കേണ്ടവർക്ക് പ്രസ്തുത കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ബി) കിടപ്പ് രോഗികളടക്കമുള്ള നിരവധിയാളുകൾക്ക് യഥാസമയം കാർഡ് പുതുക്കാൻ സാധിക്കാത്തതുമൂലം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(സി) ഇത്തരത്തിലുള്ളവർക്ക് ആർ.എസ്.ബി.വൈ കാർഡ് പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) & (സി) . ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർഡ് പുതുക്കുന്ന അവസരത്തിൽ കിടപ്പ് രോഗികൾ അടക്കമുള്ള ആളുകൾക്ക് വേണ്ടി അവരുടെ ഭവനങ്ങളിൽ ചെന്ന് സേവനം നൽകുന്നതിനായി സംസ്ഥാനത്തുടനീളം മൊബൈൽ യൂണിറ്റുകൾ സജ്ജീകരിച്ചിട്ടുണ്ട്. അത്യാവശ്യമായി ചികിത്സ വേണ്ടിവരുന്നവർക്ക് പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിലും കാർഡ് പുതുക്കുന്നതിനുള്ള എമർജൻസി യൂണിറ്റുകൾ സജ്ജീകരിച്ചിട്ടുണ്ട്. യഥാസമയം കാർഡ് പുതുക്കാത്തവർക്ക് ആ വർഷത്തേക്ക് കാർഡ് ലഭിക്കുന്നതല്ല. അവർ നടപ്പുവർഷം തന്നെ അക്ഷയ കേന്ദ്രത്തിൽ ചെന്ന് പുതുതായി രജിസ്റ്റർ ചെയ്ത് പുതിയ കാർഡിന് യോഗ്യത ഉറപ്പാക്കുന്നപക്ഷം അവർക്ക് തുടർന്നുള്ള സാമ്പത്തികവർഷം കാർഡ് ലഭിക്കുന്നതാണ്. |

| | |
|---|---|
| (ഡി) നേരത്തെ ഈ സൗകര്യം അനുവദിച്ചിരുന്ന സ്വകാര്യ ആശുപത്രി-കളിൽ പലതും പദ്ധതിയിൽ നിന്ന് പിൻമാറിയിട്ടുണ്ടോ; | (ഡി) ഉണ്ട്. വിവിധ കാരണങ്ങളാൽ നേരത്തെ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന വളരെ ചുരുക്കം സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ നിന്നും പിൻമാറിയിട്ടുണ്ട്. 2016- 2017 വർഷത്തിൽ ഒരു ആശുപത്രി, പദ്ധതിയിൽ നിന്നും പിന്മാറിയപ്പോൾ 45 സ്വകാര്യ ആശുപത്രികൾ പദ്ധതിയിലേക്ക് പുതുതായി കടന്നുവന്നിട്ടുണ്ട്. നിലവിൽ 229 സ്വകാര്യ - സഹകരണ ആശുപത്രികളിലും 261 സർക്കാർ ആശുപത്രികളിലും ആർ.എസ്.ബി.വൈ. സേവനം ലഭ്യമാണ്. |
| (ഇ) കൂടുതൽ സ്വകാര്യ സഹകരണ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ഇ) കൂടുതൽ സ്വകാര്യ സഹകരണ ആശുപത്രികളെ ഈ പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനായി വർഷംതോറും വ്യത്യസ്ത ഇടവേളകളിലായി ജില്ലാ തല ശിൽപശാലകൾ സംഘടിപ്പിക്കുകയും സ്വകാര്യ സഹകരണ ആശുപത്രികളുടെ പങ്കാളിത്തം പരമാവധി ഉറപ്പാക്കുകയും ചെയ്തുവരുന്നു. |

(signature)

സെക്ഷൻ ഓഫീസർ